# മാതൃഭാഷയും വികാസവും

വിശാലമായ സമുദ്രങ്ങളിൽ നിന്നാണ് ഭൂമിയിലെ ജീവജാലങ്ങളുടെ ഉദ്ഭവം. അതിനും അനേകായിരം വർഷങ്ങൾക്ക് ശേഷം പ്രകൃതിയിലെ വലിയ ജീവിവിഭാഗമായ ദിനോസാറുകളും ശേഷം മാനവരാശിയും ഉദ്ഭവിക്കുന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന മനുഷ്യൻ തന്റെ പരിണാമത്തിന്റെ യാത്ര ആരംഭിച്ചു! തീയുടെ കണ്ടുപിടുത്തത്തിൽ തുടങ്ങി ആശയങ്ങൾ പങ്കുവെയ്ക്കാൻ എന്നവണ്ണം ആംഗ്യ ഭാഷാരീതികളും പ്രയോഗിച്ച അവൻ പിന്നീട് വിവിധങ്ങളായ ഭാഷകൾ രൂപീകരിച്ചു; അവയെ സാമൂഹികമായി രൂപപ്പെട്ടു വന്നു. ഇന്ന് "ഇന്ത്യ" എന്ന രാജ്യമൊട്ടാകെയുള്ള സംസ്ഥാനങ്ങളിൽ ഭാഷാവൈവിധ്യം അവർണനീയമാണ്. ഇതിൽ ഉൾപ്പെടുന്ന ദ്രാവിഡഭാഷാ ഗോത്രത്തിലെ വൈവിധ്യമാർന്ന ഭാഷയാണ് "മലയാള ഭാഷ"

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 307

ആദ്യ കാലത്ത് പ്രാചീന തമിഴകത്തിന്റെ ഭാഗമായിരുന്നു കേരളം മാത്രമല്ല, വേദങ്ങളും ആഖ്യാനങ്ങളും രചിക്കപ്പെട്ടത് സംസ്കൃതത്തിലാണ് ആയതിനാൽ തന്നെ മലയാള ഭാഷയിൽ സംസ്കൃതത്തിന്റെയും തമിഴിന്റെയും സാദൃശ്യങ്ങൾ കാണാം. ബ്രാഹ്മണ മേധാവിത്വത്തിന്റെ കാലഘട്ടത്തിൽ സംസ്കൃത ഭാഷ സാധാരണക്കാരന് അപ്രാപ്യമായിരുന്നു. അതിനാൽ സാധാരണക്കാരന്റെ ഭാഷ എന്ന നിലയിൽ രൂപപ്പെട്ട അഭിമാനാർഹമായ ഭാഷയാണ് മലയാളം. ജാതി-വർഗ-ഭേദങ്ങൾക്കെതിരെ സാമൂഹികമായി പൊരുതാൻ കേരളീയനെ ഭാഷ സഹായിച്ചിട്ടുണ്ട്. അന്നത്തെ തിരുവിതാം--കൂറും മലബാറുമെല്ലാം ഇന്ന് പതിനാല് ജില്ലയായി വിഭജിക്കപ്പെട്ട ഈ കേരളത്തിൽ മലയാള ഭാഷയിൽ തന്നെ വൈവിധ്യങ്ങൾ അനവധിയാണ്.

കാസർകോഡുമുതൽ നോക്കിയാൽ; അതായത് "സപ്ത ഭാഷാ സംഗമഭൂമി" മുതൽ കോഴിക്കോടിന്റെ

തനതായ ഭാഷാ ശൈലിയിലൂടെ തൃശ്ശൂരും പാലക്കാടും കടന്ന് "അനന്തപുരി" എന്നറിയപ്പെടു--ന്ന തിരുവനന്തപുരം വരെ മലയാള ഭാഷയുടെ തന്നെ വിഭിന്നങ്ങളായ രൂപങ്ങളെ കാണാം. കാലഘട്ടാനുസൃതമായി ഭാഷയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. 56 അക്ഷരങ്ങളുടെ കൂടിക്കലർ--ത്തലുകൾക്കുശേഷം മലയാളഭാഷ ഏറ്റവും വഴങ്ങാത്ത ഭാഷയായി അറിയപ്പെടുന്നു. 2013ൽ ശ്രേഷ്ഠ ഭാഷാപദവിക്കർഹമായി മാറി മലയാളികളുടെ സ്വന്തം "മാതൃഭാഷ."

ഭാഷ എന്നത് ആശയവിനിമയത്തിനാണ് കവികൾ അതിനെ കാവ്യപരികൽപനയ്ക്കും എഴുത്തുകാർ അതിനെ വാങ്മയാവതരണത്തിനും ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നു. കേരളത്തിന്റെ സാഹിത്യചരിത്രം മലയാളത്തെ--ക്കാൾ പഴക്കം ചെന്നതാണെങ്കിലും ഭാഷയുടെ രൂപീകരണത്തിൽ പ്രധാനപങ്ക് അർഹിക്കുന്നു. "എഴുത്തച്ഛൻ" എന്ന തുഞ്ചത്ത് രാമാനുജൻ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എഴുത്തച്ഛനെന്ന മലയാള ഭാഷയുടെ പിതാവിൽ
തുടങ്ങി ചെറുശ്ശേരിയുടെ "കൃഷ്ണവർണ്ണനയായ"
"കൃഷ്ണഗാഥയും" കുഞ്ചൻ നമ്പ്യാരുടെ സാധാരണ
ക്കാരന്റെ കഥകളിയായ "തുള്ളൽ പ്രസ്ഥാനവും"
മലയാള ഭാഷയിൽ അടിയുറച്ചു ദീപിച്ചതാണ്.
ആ സാഹിത്യ രീതികളിൽ നിന്ന് മാറി,
പരിപൂർണ്ണമല്ലെങ്കിലും വൈവിധ്യമാർന്ന മലയാള
ത്തിന്റെ സംസ്കൃതത്തിന്റെ അംശങ്ങൾ
കലർന്ന് ഉള്ളൂരിന്റെ രചനകളും മനോഹരമായ
ആശാന്റെ കാവ്യങ്ങളും വള്ളത്തോളിന്റെ
നവോത്ഥാന സംസ്കാരങ്ങളെ വിളിച്ചോതുന്ന
കേരളത്തിന്റെ അഭിമാന കവിതകളും രൂപപ്പെട്ടു.
കേരള ഭാഷ എന്നഭിമാനത്തോടെ പറയപ്പെടുന്ന
മലയാളം അനുദിനം വികാസം പ്രാപിച്ചുകൊണ്ടി
രിക്കുന്നു. ലളിതമായ അവതരണ ശൈലിയിലൂടെ
മലയാളികളുടെ മനം കവർന്ന "രമണൻ"
ലോകപ്രശസ്തമാവുകയും തകഴിയുടെ "ചെമ്മീൻ"
മലയാള ഭാഷാ വൈവിധ്യത്തെ പോലും

ഉയർത്തുകയും ചെയ്തു. ആദ്യകാല മലയാള ഭാഷകളിൽ നിന്നും മണ്ണിലെത്തുമ്പോൾ തന്നെ മലയാളത്തിന്റെ മാറ്റം തിരിച്ചറിയാനാവുന്നതാണ്. മലയാളം ആസ്വാദ്യവും ഹൃദ്യവുമായി മാറി വരികയാണ്. വികാസം, മനുഷ്യനെ പോലെ തന്നെ ഭാഷയ്ക്കുമുണ്ടാകുന്നു.

ഇന്നത്തെ കാവ്യ പരിവർത്തനങ്ങളെ ആസ്വദിച്ചാൽ വ്യക്തമാവും, ലളിതമായ ഭാഷയും ചുരുങ്ങിയ വരികളും വിശാലമായ അർത്ഥ-വ്യാപ്തിയുമുള്ള വരികളാണവ. അത് മലയാള ~~ദ~~ ഭാഷയെ സ്വാധീനിക്കും പോലെ തന്നെ മലയാളിയെ സ്വാധീനിക്കുന്നു. പുതു തലമുറകൾ ചുരുങ്ങിയ വരികളെ ആസ്വദിക്കുന്നവരാണ്. ആ ജീവിതശൈലിക്ക് വരെ ഭാഷയിൽ സ്വാധീനമുള്ളതായി കാണാം. ~~[illegible]~~ നൂറ്റാണ്ടുകൾക്ക് മുമ്പ് ~~[illegible]~~ കടൽ കടന്നെത്തിയ വിദേശികൾ അനന്തരം പോരാടുകയും അവർക്ക് വഴങ്ങാത്തവ എന്നാൽ നിതാന്തമായവ. ഭാഷാരൂപത്തിൽ മലയാള

അവശ്യമാണ്. എന്നാൽ വിദേശികളുമായുള്ള സമ്പർക്കത്തിൽ തന്നെ മലയാള ഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയും മറ്റനവധി ഭാഷകളും കേരള-ത്തിൽ കടൽ കടന്നെത്തി. സ്വഭാഷയെ അവഗണിക്കാനൊരുങ്ങിയ മലയാളിയെ വള്ളത്തോൾ ഉദ്ബോധിപ്പിച്ചു;

“മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ
മാതാവിൻ വാത്സല്യ ദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ.”

അതെ! മലയാളിയുടെ എന്നല്ല ആരുടെയും പുരോഗമനത്തിന്റെ പൂർണ്ണത മാതൃഭാഷയിലാരംഭിക്കുന്നു. മാതൃഭാഷയെ മാതാവായി സങ്കൽപ്പിക്കുന്ന പാരമ്പര്യമുള്ള കടലലകളുടെ താളമിണങ്ങിയ തെങ്ങോലകളുടെ ഈണം ഒത്തിണങ്ങിയ കേരളീയ ജനത മറ്റുള്ള ഭാഷയേക്കാൾ പ്രാധാന്യം മലയാളത്തിന് നൽകണം. മാതാവിൽ നിന്ന് പകർന്ന് കിട്ടിയ ഭാഷയാണ്

മാതൃഭാഷ പിതാവിന്റെ പൈതൃകം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണിത്. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കൊപ്പം ഒഴുകുന്നുവെങ്കിലും ഗംഗാ നദിയെ പോലെ ശീതളവും മനോഹരവുമായ ഭാഷയാണിത്. മറ്റുള്ള ഭാഷകള് ഭാഷകളിൽ നിന്ന് വിഭിന്നമായ സംസ്കാരതിതിക്കും മലയാളത്തിനുണ്ട്.

ഓരോ വ്യക്തിക്കും അവരുടെ വ്യക്തിത്വ രൂപീകരണത്തിൽ മാതൃഭാഷ പങ്കു വഹിക്കുന്നു. ഓരോ വ്യക്തിയെയും അടിസ്ഥാനപരമായി മനസ്സിലാക്കാനും മാതൃഭാഷയെ ഉപയോഗിക്കുന്നു. ഭാഷാശൈലി സ്വഭാവത്തെ വിലയിരുത്താൻ ഒരു സാധാരണക്കാരനെപോലെ പ്രാകൃതമായ വിശകലനം ചെയ്യാൻ സാധിക്കുന്നു. ഇന്ന് കവിതകളിൽ തുടങ്ങി യാത്രാവിവരണങ്ങൾ വരെ മലയാളഭാഷയിൽ രചിക്കപ്പെടുന്നു. ഒരു ജനതയുടെ മായാത്ത മുദ്രകളായി കാവ്യശിൽപങ്ങളും ഒപ്പം രാമായണങ്ങളും

രൂപപ്പെടുന്നു എന്ന അടിസ്ഥാനം മാതൃഭാഷ
തന്നെ ആണെന്നതിൽ സംശയമില്ല!

ഇങ്ങനെ ഒക്കെ ആണെങ്കിലും
പ്രകൃതിയുമായി ഇണങ്ങിയൊതുങ്ങിയ മലയാള
ഭാഷയ്ക്ക് തിരിച്ചടികൾ ലഭിക്കുകയാണ്.
കവി ഭാഷയിൽ, "മരിക്കുകയാണോ ജീവിത
ഭാഷയോ" അറബിക്കടലിലെ ചിപ്പിയിൽ നിന്ന്
രൂപപ്പെട്ട മണിമുത്തായ മലയാള ഭാഷയെ
കടലിലേക്ക് വലിച്ചെറിയുകയാണോ?, എന്ന്
കവികൾ ചോദിക്കുന്നു. എന്തുകൊണ്ടാണ് മലയാളം
തകരുന്നത്. കാരണം മലയാളത്തെ മലയാളി-
-കൾ മറക്കുകയാണ്. പാശ്ചാത്യങ്ങളിൽ നിറഞ്ഞു
നിന്ന ചർച്ചകളിൽ പ്രധാനമായിരുന്നു ഒന്നാം ക്ലാസിലെ
പാഠപുസ്തകത്തിലെ മലയാള ഭാഷ ചേർക്കുന്ന,
മലയാള അക്ഷരമാല പഠിപ്പിക്കുന്നതുമായി
ബന്ധപ്പെട്ടിട്ടാണ്. പുതു തലമുറകൾ മലയാള
ഭാഷയിൽ നിന്ന് അന്യം നിന്നാൽ ഭാഷയ്ക്ക്
നിലനിൽപ്പുണ്ടാവുമോ?. ഇന്നത്തെ മാതാപിതാ-

അവർ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ചേർക്കുന്നു. ഇംഗ്ലീഷിനെ പ്രോത്സാഹിപ്പിക്കുന്നു. പ്രൗഢഗംഭീരമായ "സാഹിത്യമൂർത്തി മലയാള"ത്തെ അവഗണിക്കുന്നു. അത് ഒരിക്കലും ശരിയായ കാര്യമല്ല. ഭാഷയിലൂടെ ലഭിക്കുന്നതാണ് സംസ്കാരം. ഭാഷ ഇല്ലാതായാൽ മലയാളിയുടെ തനതായ സംസ്കാരം തകരുന്നു. സംസ്കാരമില്ലാതായാൽ കേരളമെന്ന സംസ്ഥാനത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവുന്നു. ഭാഷ മനുഷ്യനെ ഐക്യത്തിന് കാരണമാണ്. മലയാളത്തെ ചൂഷണം ചെയ്യുമ്പോൾ തകരുന്നത് മാനവിക ഐക്യത്തിന്റെ ചങ്ങലകളാണ്.

ഭാഷയുടെ ഉത്പത്തിയിൽ പ്രാരംഭിച്ച് ഇന്നു വരെ മലയാളം പ്രൗഢിയാർന്ന ഭാഷയാണ്. ഭാഷയിലൂടെ സർഗ്ഗീയതയും സാഹിത്യവും ആശയവിനിമയവുമെന്ന പോലെ തന്നെ പ്രധാനമാണ് ഭാഷ നിലനിർത്തുന്ന ബന്ധം. ഭാഷ നിർമ്മിക്കുന്ന ആത്മബന്ധങ്ങൾ

ഭാഷയിൽ കരയാനും ചിരിക്കാനും മുരണ്ടാനും
കരുത്തേകുന്നു. ഭാഷയുടെ വികാസവും
മാനവവികാസവും ബന്ധപ്പെട്ട് നിലനിൽക്കുന്നു.
മാനവീയ മൂല്യങ്ങൾ കുഞ്ഞിന് പകരുന്നത്
മുലപ്പാൽ മധുരമാർന്ന മലയാള ഭാഷയാണ്.
സ്വതന്ത്രീകരണ ഘട്ടത്തിലും ഇന്ത്യയുടെ ഉജ്ജ്വല-
-മായ സ്വാതന്ത്ര്യസമരകാലത്തും ഭാഷയിലടിയുറച്ച്
ജനത പോരാടി.

ജനിച്ച മാതാവിനെയും ജീവിതം നിലനിർ-
-ത്തുന്ന പ്രകൃതി മാതാവിനെയും പോലെ
മാതൃഭാഷയെ മാതാവായി കണക്കാക്കാൻ
പൂർവ്വികർ പ്രേരിപ്പിച്ചതിന്റെ അടിസ്ഥാനം
"ഐക്യം" എന്നതിനെ പ്രോത്സാഹിപ്പിക്കുവാനാണ്.
മലയാളികളുടെ ഐക്യമാണ് മലയാളം. കേരള
ഈ പ്രളയകാലത്തും മഹാമാരി തിങ്ങുന്ന വിപത്തു-
കളിലും നമ്മൾ മലയാളി ഒറ്റക്കെട്ടായി നിന്ന-
തിന്റെ കാരണം മലയാളം എന്ന ഭാഷയാണ്.
എന്ത് അന്യദേശത്ത് പോയാലും മലയാളി

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 307

തിരിച്ചറിയപ്പെടുന്നത് ഭാഷയുടെ ഭംഗിയിലൂടെ എന്നത് വ്യക്തമാവുമാണ്.

ഇവയെല്ലാമൊക്കെയും അവലോകനം ചെയ്താൽ മലയാള ഭാഷയ്ക്ക് അതിന്റേതായ വികാസം സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മലയാളം സംസാര ഭാഷയിലായാലും രചനാ ഭാഷയിലായാലും ആധുനികതയുടെ കൂടുതൽ സമ്പർക്കം ~~അങ്ങിങ്ങാ~~ അങ്ങിങ്ങായി പ്രകടമാവുന്നു. മറ്റു സമാനമായ ഭാഷകളെ അപേക്ഷിച്ച് വിശകലനം ചെയ്താലും മലയാളിക്ക് മാതൃഭാഷയായ മലയാളത്തോടുള്ള ആദരവും പ്രാധാന്യവുമാണ്. 21-ാം നൂറ്റാണ്ടിൽ ഭാഷാ വികാസം മന്ദീകരിക്കപ്പെടുന്നുവെങ്കിലും എത്ര തന്നെ ആയാലും "**മലയാളം**" മലയാളികളുടെ അഭിമാനമാണ്.

ആദിമ കാലഘട്ടം മുതൽക്ക് തന്നെ ഭാഷാ പരിണാമം എന്ന പ്രക്രിയ കാലചക്രത്തോടൊപ്പം ~~[illegible]~~ ഇന്നത്തെ സമൂഹത്തിൽ എത്തിനിൽക്കുന്നു. മാതൃഭാഷയുടെ കാഠിന്യത്തെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 307

5/1/2025

സമത്വമാക്കിയതിനാലും മറ്റുള്ള ഭാഷകൾ കൈകാര്യം ചെയ്യാൻ മലയാളിക്ക് എളുപ്പം സാധിക്കുന്നു. ഇങ്ങനെ ഒരു ഭാഷയായതിനാൽ തന്നെ മാധ്യമങ്ങളിലൂടെ പത്രങ്ങളിലൂടെ വടിവൊത്ത അക്ഷരങ്ങളിൽ അച്ചടിച്ച് വരുന്നത് കേരളഭാഷയാണ്. അത് കേരളത്തിന്റെ മുദ്രയാണ്. ഭാഷാ വികാസത്തിന് മാധ്യമങ്ങൾ പ്രധാനം സ്വാധീനിക്കുന്നു. മാതൃഭാഷാ വികാസത്തിന് പത്ര മാധ്യമങ്ങളും വായനാശീലവും വായന വൈവിധ്യവും സ്വാധീനിക്കുന്നു. ഭാഷാ ശൈലി വായനക്കാരന്റെ ഹൃദയത്തെയും സ്വഭാവത്തെ-യും സ്വാധീനിക്കുന്നു. അത്തരം വായനകളും വായനക്കാരും മാതൃഭാഷയിലൂടെ മനോഹരമായ സമൂഹമുണ്ടാകുന്നതിന് കാരണ-മാകുന്നു. മാതൃഭാഷാ വികാസം മാനസിക വികാസത്തിന് ഊർജ്ജവും ഉണർവ്വും അടിസ്ഥാന-വും നൽകുന്നു. മാതൃഭാഷയുടെ വികാസവും വികാസത്തിന്റെ കാരണങ്ങളും വികാസത്തിന്റെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 307

നേട്ടങ്ങളും അവർണനീയമാണ് എന്റെ
കാഴ്ച്ചപ്പാടിൽ കേരള ഭാഷയെ ഉപയോഗിക്കു-
-ന്നതിന് പകരം ഭാഷ ജനതയ്ക്കായ് സംരക്ഷി
-ച്ചാൽ മികച്ച ജനതയെ പടുത്തുയർത്താം.
മനോഹരമായ ഭാഷിക്കും സംസ്കാരത്തിനും
പുരോഗതിക്കും ഒ യുവജനതയെ പ്രാപ്തരാ
-ക്കാൻ മാതൃഭാഷയുടെ വികാസത്തിനായി
പ്രവർത്തിക്കാം.

മലയാളിയുടെ മലയാളത്തിലൂടെ
മലയാള നാടിന് വേദിയാകുന്ന് മലയാളത്തനി-
-മയിലൂടെ കേരള ജനതയെ പുരോഗമന
പാതയിലെത്തിക്കാം. പ്രകൃതി സംരക്ഷണം
പോലെ ഭാഷാ സംരക്ഷണം നിർവ്വഹിക്കാം.
“പച്ച മലയാള പ്രസ്ഥാന”ത്തിൽ നിന്ന് “അമ്മ മലയാളം”
എന്ന മുദ്രാ വാക്യത്തിലടിയുറച്ച്, കേരള
-ത്തിന്റെ ഭാഷ അനർഘമാക്കാം!!! . മലയാള
-ത്തെ മഹോന്നതമാക്കാം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)